Week 2

# weekly Devotion - July 2018

## Flawless heart (നിർമ്മല ഹൃദയം)




ഒരു രാജാവിന് അനന്തരാവകാശി ആകുവാൻ കൂനനായ ഒരു മകൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ജനങ്ങൾ ഈ കുമാരനെ വളരെഅധികം സ്നേഹിച്ചിരുന്നു. കുമാരൻ സകല ആയുധവിദ്യകളിലും നിപുണനായിരുന്നു. ഒരിക്കൽ ഒരു ശില്പി ഒരു പ്രതിമ ഉണ്ടാക്കി കൊട്ടാര ഉദ്യാനത്തിൽ വയ്ക്കുവാൻ രാജാവിനോട് അനുവാദം വാങ്ങി. ആ പ്രതിമ കൂനില്ലാതെ രാജകീയ വസ്ത്രം ധരിച്ചു നില്ക്കുന്ന കുമാരന്റേതായിരുന്നു. പ്രതിമ കണ്ട കുമാരൻ വളരെ സന്തോഷിച്ചു. ആരും കാണാതെ എന്നും കുമാരൻ ആ പ്രതിമയുടെ മുൻപിൽ നിന്ന് അപ്രകാരം നില്ക്കുവാൻ ശ്രമിച്ചു. കുറേ നാളുകൾ കഴിഞ്ഞപ്പോൾ ശില്പിയുടെ ശ്രമം ഫലിച്ചു . പ്രതിമപോലെ തന്നെ കുമാരൻ കേടില്ലാത്തവനായി, അനന്തരാവകാശി ആകുകയും ചെയ്തു.

പലവിധ കാരണങ്ങൾ നമ്മെ കൂനുള്ളവരാക്കിത്തീർക്കും. എന്നാൽ നമ്മുടെ ശില്പി എല്ലാ ന്യൂനതകളും നീക്കി പുതിയ സൃഷ്ടികളായി നമ്മെ മെനയുന്നവനാണ്. അവന്റെ മുഖത്തേക്ക് നോക്കി പ്രകാശിതരായി കുറവുകൾ മാറ്റുവാൻ ദൈവം സഹായിക്കട്ടെ. "Flawless heart means a heart having no defects or faults"കളങ്കം അശ്ലേഷം ഇല്ലാത്തതാണ് നിർമ്മല ഹൃദയം. സങ്കീ:(51: 10)ൽ നിർമ്മലമായ ഒരു ഹൃദയം സൃഷ്ടിക്കണേ എന്നാണ് ദാവീദു രാജാവ് ആവശ്യപ്പെടുന്നത്. "സൃഷ്ടിക്കുക" എന്ന വാക്ക് ദൈവപ്രവർത്തികൾക്കു മാത്രം മോശ ഉപയോഗിച്ച വാക്കാണ്. (ഉല്പ:1:1,27) പഴയ ഹൃദയത്തെ repair ചെയ്തെടുക്കുവാൻ അദ്ദേഹം ആഗ്രഹിച്ചില്ല കാരണം പഴയ ഹൃദയത്തിന്റെ ശോച്യാവസ്ഥ അദ്ദേഹത്തിന് നന്നായി അറിയാമായിരുന്നു. ദൈവീക നിയോഗത്താൽ നാഥാൻ പ്രവാചകനാണ് ആ തെറ്റ് മനസ്സിലാക്കി കൊടുത്തത്. അതിനാലാണ് കേട് പോക്കുന്ന ശിൽപിയോട് രാജാവ് പുതിയ ഹൃദയം ചോദിച്ചത്.

ദൈവത്തോടും മനുഷ്യനോടും ചെയ്ത അപരാധങ്ങൾ ഏറ്റു പറഞ്ഞാൽ ദേഹം, ദേഹി, ആത്മാവ് ഈ മൂന്നുഘടകങ്ങളും പാപത്തിൽ നിന്ന് വിടുതൽ പ്രാപിക്കുന്നു. കളങ്കം ഹൃദയത്തിലേക്ക് ഒഴുകി എത്തി ഹൃദയ നിർമ്മലത നഷ്ടമാക്കാതെ വിശുദ്ധതയിൽ ജീവിപ്പാൻ പൂർണ്ണമായി ദൈവത്തിലാശ്രയിച്ചേ മതിയാകുകയുള്ളൂ. നിർമ്മല ഹൃദയത്തെ സൃഷ്ടിച്ചു തരുന്ന ശിൽപി താൻ യഹോവ എന്നറിയാൻ തക്ക ഹൃദയമാണ് നമുക്ക് തരുന്നത് "ഞാൻ എന്റെ ന്യായ പ്രമാണത്തെ അവരുടെ ഉള്ളിലാക്കും എന്ന് യിരെ (31:33) ൽ കാണുന്നു. അത് നിർമ്മല ഹൃദയം നിലനിർത്തുവാൻ സഹായിക്കുന്നു. ഉദാ:(1) ഉല്പ (20:3-6) വരെയുള്ള ഭാഗത്ത് ഗെരാരിലെ രാജാവായ അബിമെലേക്കിനെ സാറായോടു പാപം ചെയ്യാതെ തടുത്തത് ദൈവമാണ് എന്ന് കാണാം.

(2) പൊത്തിഫേറിന്റെ വീട്ടിലെത്തിയ യോസഫ് പാപം ചെയ്യാതെ ഹൃദയനിർമ്മലത സൂക്ഷിച്ചതായി കാണാം. സങ്കീ (24:4) ൽ നിർമ്മലഹൃദയമുള്ളവന്റെ പ്രത്യേകതകൾ കാണുന്നു. വെടിപ്പുള്ള കൈകളും, വ്യാജത്തിന് മനസ്സു വയ്ക്കാത്തവരും, കള്ളസത്യം ചെയ്യാത്തവരുമാണ് അവർ. നഥനയേലിനെ നോക്കി കപടമില്ലാത്ത യിസ്രേല്യൻ എന്ന് പറഞ്ഞതുപോലെ, നമ്മെ നോക്കി യേശു പറയുമോ അതാ നിർമ്മലഹൃദയത്തിന്റെ ഉടമ എന്ന് അതേ! നമുക്ക് അതിനായി പ്രാർത്ഥിക്കാം. ലഭിച്ച നിർമ്മലഹൃദയം പുതുക്കത്തിന്റെ ആത്മാവിലാകുമ്പോൾ അത് സ്ഥിരപ്പെടുവാനും ദൈവം സഹായിക്കട്ടെ.

*Santhamma Varghese*

*Website: www.biblestudy.co.in*
*Email: biblestudy.co.in@gmail.com*

*Facebook: https://www.facebook.com/biblestudyind*